പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7228 03.11.2011- ലെ മറുപടിക്ക്

<u>പ്രവാസികളുടെ ക്ഷേമത്തിനായി പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. എം. ഉമ്മർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികളുടെ ക്ഷേമത്തിനായി 2011-12 വർഷത്തിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ; | 1. <u>സാന്ത്വന</u><br><br>ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്.<br><br>2. <u>കാരുണ്യം</u><br><br>വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. |

3. **ചെയർമാൻ ഫണ്ട്**

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

നോർക്ക വകുപ്പിന്റെ ഈ വർഷത്തെ ബജറ്റിൽ വിദേശരാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് 214 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ നോർക്ക വകുപ്പിന്റെ ഔദ്യോഗിക കെട്ടിടമായ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോൾ സെന്ററിലൂടെ നോർക്ക വകുപ്പിന്റെയും, നോർക്ക – റൂട്ട്സിന്റെയും പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രവാസി കേരളീയർക്ക് അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായി വരുന്ന എംബസ്സികളെ സംബന്ധിക്കുന്ന വിവരങ്ങൾ , വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയുടെ ആധികാരികതയെക്കുറിച്ചുള്ള വിവരങ്ങൾ , വിദേശയാത്രയ്ക്ക് മുൻപ് ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ, റിക്രൂട്ട്മെന്റിനെക്കുറിച്ചും/റിക്രൂട്ട്മെന്റ് ഏജന്റുകളെ സംബന്ധിച്ചും വിവരങ്ങൾ എന്നിങ്ങനെ പ്രവാസി കേരളീയർക്കും വിദേശതൊഴിൽ കാംക്ഷികൾക്കും ആവശ്യമായ വിവരങ്ങൾ പ്രസ്തുത കോൾസെന്ററിലൂടെ ലഭ്യമാക്കുന്നതാണ്.

പ്രവാസികളുടെ/ കുടുംബാംഗങ്ങളുടെ പരിഹരിക്കാൻ പ്രയാസമുള്ളതും ദീർഘകാലമെടുക്കുന്നതുമായ പരാതികളും ആവലാതികളും അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കുന്നതിനും, മൂല്യവർധിത സേവനങ്ങളുടെ രൂപത്തിൽ സർക്കാരിന്റെ സഹായഹസ്തം പ്രവാസികളിലേക്കെത്തിക്കുന്നതിലേയ്ക്കുമായി ജില്ലകളിലുള്ള നോർക്ക സെല്ലുകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ജില്ലയിലെ നോർക്ക വകുപ്പിനു കീഴിൽ ഉള്ള വിവിധ ഓഫീസുകളെ ഏകോപിപ്പിക്കുന്നതിനായും പ്രവാസികൾക്കായും വിദേശ ജോലി തേടുന്നവർക്കായും ഉള്ള വിവിധ സേവനങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ നിന്നും നൽകാൻ ഉതകുംവിധം നോർക്ക സെന്റർ എന്ന കെട്ടിടം ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാനപരിധി നിലവിലെ 25,000 –ത്തിൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

നോർക്കയുടെ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി ഡെവലപ്മെന്റ് ഓഫീസുകൾ ഗുജറാത്തിലെ ബറോഡയിൽ 24/07/2011 നും, ചെന്നൈയിൽ 21/08/2011 നും തുറന്ന് പ്രവർത്തനമാരംഭിച്ചു.

നോർക്ക – റൂട്ട്സ് നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമായി.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഉള്ള നോർക്ക – റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾക്ക് പുറമേ, ഇടുക്കി, വയനാട് ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസത്തിൽ നിലവിലെ ഒരു ദിവസത്തിൽ നിന്നും രണ്ട് ദിവസം അറ്റസ്റ്റേഷൻ സേവനം നൽകുന്നതാണ്.

(ബി) സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പ്രവാസികൾക്ക് പലിശരഹിത വായ്പ നൽകുമോ;

(ബി) സാമ്പത്തിക മാന്ദ്യം മൂലം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചുവരുന്ന മലയാളികൾക്ക് സ്വയം സംരംഭം തുടങ്ങാനായി 9 % പലിശയ്ക്ക് വായ്പ നൽകിവരുന്ന പ്രവാസികൾക്കുള്ള പ്രത്യേക പദ്ധതി(Special Package to NRKs) 2009 മാർച്ച് മുതൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. പലിശരഹിത വായ്പ നൽകുന്ന പദ്ധതികൾ ഒന്നും നിലവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഇല്ല.

(സി) കേന്ദ്രസഹായത്തോടെ ഇവർക്ക തൊഴിലവസരങ്ങൾ നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തടസ്സങ്ങളുണ്ടോ?

(സി) വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി നോർക്ക – റൂട്ട്സ് പ്രവർത്തിക്കുന്നുണ്ട്. ഇതിനോടൊപ്പം തന്നെ നോർക്ക – റൂട്ട്സ് വിദേശരാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 'ജോബ് പോർട്ടൽ' 2010 ഡിസംബർ മാസം ആരംഭിച്ചിട്ടുണ്ട്. www.jobsnorka.gov.in എന്ന ജോബ് പോർട്ടലിൽ ഒരേ സമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേന്ദ്ര സർക്കാരിലെ പ്രവാസികാര്യ വകുപ്പിൽ പ്രവാസികൾക്കായി തൊഴിലവസരങ്ങൾ നൽകുന്നതിന് പ്രത്യേക കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ